2019 DECEMBER


# വിമല

VOL. 13 ISSUE NO. 12





സ്നേഹം വിളമ്പിയ
പത്ത് വർഷങ്ങൾ....
A-la-carte
- CATERERS -
THE WAY YOU WANT IT
10th Anniversary Celebration
The most trusted unique
wedding catering company
Customer Care : 90 72 661000
info@alacartecaterers.com
www.alacartecaterers.com
alacartecaterers
Kochi : 90 72 661001
Kottayam: 90 72 661003, 90 72 661004
Thrissur : 90 72 664004



2019 ഡിസംബർ

# വിമല

സെന്റ് മേരീസ് ചർച്ച് പാരിഷ് ബുള്ളറ്റിൻ

മാനേജിംഗ് എഡിറ്റർ
**ഫാ.ഡോ. ജോസഫ് മുണ്ടകത്തിൽ**
9447506593
jmundakam@gmail.com

ചീഫ് എഡിറ്റർ
**ഫാ. ലിബിൻ പുത്തൻപറമ്പിൽ**
9961996226
libinputhen@gmail.com

എക്സി. എഡിറ്റേഴ്സ്
**ഫാ. പ്രിൻസ് മാഞ്ഞൂരാൻ**
7034885003
princejmvc@gmail.com

**ഫാ. ജിജോ കുറിയന്നൂർപറമ്പിൽ**
9562323402
tjijo123@gmail.com

**ഫാ. ആന്റണി തളികസ്ഥാനം** CMI
9656711828

കൈക്കാരന്മാർ
**മാത്യു റ്റി.ജെ. തേക്കുനില്ക്കുംപറമ്പിൽ**
**ജോസഫ് ജോൺ ഉപ്പുപുരയ്ക്കൽ**
**സിബി സെബാസ്റ്റ്യൻ മാതിരംപുഴ**
**ആന്റോ മാർട്ടിൻ ജോസഫ് നടമുഖം**

പാരീഷ് കൗൺസിൽ സെക്രട്ടറി
**സഞ്ജിത്ത് പി.ജോസ് പ്ലാമൂട്ടിൽ**

**RECEPTION**
9496711268, 2730081
**OFFICE : 0481 2730742**
athirampuzhachurch@gmail.com

*ലേ-ഔട്ട്:* **അക്ഷരജ്യോതി**
9645754114
tomythomasktym@gmail

DTP : ആൻസി സണ്ണി
കൊട്ടാരമുകളേൽ

*എഡിറ്റോറിയൽ*

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

2019-ാം ആണ്ട് അവസാനിച്ച് ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഏറെ പ്രതീക്ഷയും പ്രത്യാശയും ഉണർത്തുന്ന പുതുവർഷ പുലരിക്കായി നമുക്ക് കാത്തിരിക്കാം. മംഗളവാർത്താകാലം അഥവാ തിരുപിറവിയുടെ കാലഘട്ടം ഏറെ പ്രതീക്ഷയും അതിലേറെ ഓർമ്മകളും കൈമാറുന്നതാണ്. എന്നെ രക്ഷിക്കുവാനായി ദൈവം മനുഷ്യനായിത്തീർന്നു എന്നത് നിസ്സാരമായ ഒരോർമ്മയല്ല. മറിച്ച് മനുഷ്യകുലത്തിന്റെ രക്ഷാകരചരിത്രത്തിലെ തിരുപ്പിറവി മനുഷ്യാസ്തിത്വംതന്നെ ദൈവികമാണ് എന്ന് ഓർമ്മിപ്പിക്കുന്ന അനുസ്മരണമാണ്. സങ്കീർണ്ണമായ ദൈവമനുഷ്യബന്ധത്തെ ഇത്രമാത്രം ലഘുവായി വ്യക്തമാക്കിത്തരുന്ന ഒരു സംഭവം മാനവചരിത്രത്തിൽ മറ്റൊന്നില്ല.

അവതരിച്ച വചനത്തിന്, ദൈവപുത്രന് സ്തുതികളും ധൂപച്ചുരുളുകളും അർപ്പിക്കപ്പെടുന്ന ഈ കാലഘട്ടം, വർണ്ണക്കടലാസ്സുകൾകൊണ്ടും റെഡിമെയ്ഡ് നക്ഷത്ര വിളക്കുകളുടെ അലങ്കാരമുള്ള പുൽക്കൂടുകൾകൊണ്ടുമുള്ള മടുപ്പിക്കുന്ന ആഘോഷങ്ങളുടെ ആവർത്തനമാകാതിരിക്കട്ടെ.

കഴിഞ്ഞ വർഷത്തെ നക്ഷത്രം കേടുപോക്കിയെടുക്കുമ്പോൾ, അല്ലെങ്കിൽ പുതിയതൊന്നു വാങ്ങി അലങ്കാരം പൂർത്തിയാക്കുമ്പോൾ കഴിഞ്ഞ ഡിസംബർ മാസത്തിൽനിന്നും വ്യത്യസ്തമായി എന്ത് പുതിയ സന്ദേശമാണ് നമുക്ക് നൽകുന്നതെന്ന് ചിന്തിക്കണം. കാരണം ഇത് അവതരിച്ച വചനത്തിന്റെ, വചനം മാംസമായിത്തീർന്നതിന്റെ ഓർമ്മയാണ്. **'ഭൂമുഖത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവിക ജീവനായാണ് ദൈവവചനം നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. അത് എല്ലാം പുതുതാക്കികൊണ്ട് ഭൂമിയുടെ മുഖം നവീകരിക്കുന്നു.'** (Verbum Domini -91) ഭൂമുഖം നവീകരിക്കുന്ന ഈ ദൈവ വചനത്തെ പുതിയ ശക്തിയോടും ഉന്മേഷത്തോടും കൂടെ നമുക്ക് സ്വീകരിക്കാം. കാരണം വചനമാകുന്ന മിശിഹാ കർത്താവിന്റെ സാമിപ്യം വിശ്വാസികളായ നമുക്ക് ശക്തിയും വിജയം നൽകുന്ന രക്ഷയുടെ കോട്ടയുമാണ്.

നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ് നിന്റെ മധ്യേ ഉണ്ട് നിന്നെക്കുറിച്ച് അവിടുന്ന് അതിയായി ആഹ്ലാദിക്കും. തന്റെ സ്നേഹത്തിൽ അവിടുന്ന് നിന്നെ പുനഃപ്രതിഷ്ഠിക്കും. ഉത്സവ ദിനത്തിലെന്നപോലെ അവിടുന്ന് നിന്നെക്കുറിച്ച് ആനന്ദഗീതമുതിർക്കും. **(സെഫാ 3:17)**

**ഫാ. ജോസഫ് പുത്തൻപറമ്പിൽ**

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## പഞ്ചവത്സര അജപാലനപദ്ധതി

### മൂന്നാം വർഷം

## ലിറ്റർജി വിശ്വാസജീവിതത്തിന്റെ കേന്ദ്രവും സഭയുടെ ഊർജ്ജസ്രോതസ്സും

### 1. ലിറ്റർജി സഭയുടെ അത്യുൽക്കൃഷ്ട പ്രവൃത്തി

പ്രാദേശിക സഭയായ അതിരൂപതയെ എല്ലാ തലങ്ങളിലും സജീവവും സഭാത്മകവുമാക്കാൻ അതിരൂപതാംഗങ്ങളെല്ലാവരും ഒന്നുചേർന്ന് തീഷ്ണതയോടും ഉത്സാഹത്തോടും കൂടി പരിശ്രമിക്കുക എന്നതാണ് പഞ്ചവത്സര അജപാലനപദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആദ്യവർഷം നമ്മുടെ സഭയെ കൂടുതൽ അറിയാനുള്ള പരിശ്രമമാണ് നമ്മൾ നടത്തിയത്; അതുവഴി സഭയെ കൂടുതൽ സ്നേഹിക്കാനും. രണ്ടാം വർഷം ദൈവം വെളിപ്പെടുത്തിയ സത്യങ്ങളെ, ദൈവവചനത്തെ, വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും മനസ്സിലാക്കാൻ ശ്രമിച്ചു വചനം നമ്മുടെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമാണ്. സഭയെ അറിഞ്ഞ് സ്നേഹിക്കുന്നതും വചനസന്ദേശം ആഴത്തിൽ ഉൾക്കൊള്ളുന്നതും ദൈവാരാധനയി

ലേക്കാണ് നമ്മെ നയിക്കുക. ആരാധനക്രമത്തിന്റെ ശരിയായ ആഘോഷമാണ് ആഴമുള്ളതും സഭാത്മകവുമായ ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറ. സഭാത്മകത അതിന്റെ പൂർണ്ണതയിലെത്തുന്നത് ദൈവാരാധനയിലാണ്. സഭ അടിസ്ഥാനപരമായി ഒരു ആരാധാനാ സമൂഹമാണ്. സഭയുടെ ഏറ്റവും ഉൽക്കൃഷ്ടവും ഫലദായകവുമായ പ്രവൃത്തിയാണ് ലിറ്റർജി. സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സ് ലിറ്റർജിയാണ്. സഭയോടൊത്ത് ചിന്തിക്കാനും ജീവിക്കാനും പ്രവർത്തിക്കാനുമുള്ള പരിശീലനവും ബോദ്ധ്യവും നമുക്കു ലഭിക്കുന്നതും ലിറ്റർജിയിലാണ്. ലിറ്റർജിയിലുള്ള പങ്കാളിത്തമാണ് നമ്മുടെ വിശ്വാസജീവിതത്തിന്റെ ഉരകല്ല്. അതിനാൽ ലിറ്റർജിയെക്കുറിച്ച് ശരിയായ അറിവു നേടുകയും ലിറ്റർജി പൂർണ്ണമായി അനുഷ്ഠിക്കുകയും വേണം.

## 2. ആരാധനാവത്സരം വഴികാട്ടി

വിശ്വാസികൾ തങ്ങളുടെ മാതൃസഭയുടെ ആരാധനക്രമത്തെ ആത്മാർത്ഥമായി സ്നേഹിക്കുകുയും ഭക്ത്യാദരവുകളോടെ ആചരിക്കുകയും സംരക്ഷിക്കുകയും വേണമെന്നാണ് തിരുസ്സഭയുടെ നിയമവും പ്രബോധനവും. തെറ്റുകൂടാതെയും എല്ലാ ഘടകങ്ങളും ഉൾക്കൊണ്ടും വിശ്വാസികൾ ദൈവാരാധന നടത്തുന്നതിനുള്ള രൂപരേഖയും വഴികാട്ടിയുമാണ് സഭയുടെ ആരാധനാവത്സരം. വിശ്വാസത്തിന്റെ ആഘോഷമായ ലിറ്റർജിയിൽ നമ്മുടെ വിശ്വാസത്തിന്റെ സാരാംശം എന്തെന്ന് നമുക്ക് കൃത്യമായി അറിയാൻ കഴിയുന്നു. സഭയുടെ ചിന്തയും ജീവിതവും എങ്ങനെയെന്നും, സഭാപ്രവർത്തനങ്ങളുടെ ചൈതന്യവും ലക്ഷ്യവുമെന്തെന്നും ആരാധനാവത്സരം നമ്മെ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ ആരാധനാവത്സരം നമ്മുടെ വിശ്വാസജീവിതത്തിന് ഏറ്റവും ഉത്തമമായ വഴികാട്ടിയാണ്. സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ദൈവാരാധനയാണ് നമ്മുടെ പഞ്ചവത്സര അജപാലനപദ്ധതിയുടെ മൂന്നാം വർഷത്തെ മുഖ്യവിഷയം. ഇത്തരുണത്തിൽ ആരാധനാപൈതൃകത്തെക്കുറിച്ചുള്ള സഭയുടെ ആധികാരികമായ പ്രബോധനങ്ങളും മർഗ്ഗനിർദ്ദേശങ്ങളും നാം അറിയുകയും അവ പാലിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യാം.

1996-ലെ ദനഹാത്തിരുനാളിൽ റോമിൽ നടന്ന സീറോമലബാർ സഭാ മെത്രാന്മാരുടെ സിനഡിൽ, പൗരസ്ത്യസഭകളുടെയെല്ലാം ചുമതല വഹിക്കുന്ന വത്തിക്കാനിലെ പൗരസ്ത്യസഭാകാര്യാലയം സുപ്രധാനമായ ഒരു രേഖ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പൗരസ്ത്യകാനോൻ സംഹിതയിലെ ആരാധനക്രമനിയമങ്ങളും റീത്തു സംബന്ധിച്ചുള്ള സഭയുടെ ഇതര ആധികാരികപ്രബോധനങ്ങളും

പൗരസ്ത്യസഭകൾ വിശ്വസ്തതയോടെ നടപ്പിലാക്കുന്നതിനുള്ള ഉദ്ബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ രേഖ. അതിലെ നാമെല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട ഏതാനും കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3. പൗരസ്ത്യ സഭാപാരമ്പര്യത്തിന്റെ പ്രാധാന്യവും സവിശേഷതകളും

വളരെ പ്രാധാന്യമർഹിക്കുന്ന ചില ഘടകങ്ങൾ പൗരസ്ത്യ സഭാപാരമ്പര്യത്തിലുണ്ടെന്ന് 'കിഴക്കിന്റെ വെളിച്ചം' എന്ന തന്റെ ശ്ലൈഹികലേഖനത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പഠിപ്പിക്കുന്നു. സഭ ജന്മംകൊണ്ടത് പശ്ചാത്തലം ഒരുക്കപ്പെട്ടത് പൗരസ്ത്യദേശത്താണ്. ലിറ്റർജിയുടെ ആഘോഷത്തിൽ ദൈവികമായ രഹസ്യാത്മകത ആഴത്തിൽ അനുഭവിക്കുന്നവരാണ് പൗരസ്ത്യർ. ദൈവാലയഘടനയിലൂടെയും ലിറ്റർജിയുടെ ദീർഘമായ ആഘോഷങ്ങളിലൂടെയും പ്രാർത്ഥനയിലെ ആവർത്തനങ്ങളിലൂടെയുമൊക്കെ ആഘോഷിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളുമായി പടിപടിയായി താദാത്മ്യപ്പെടുന്ന അനുഭവമാണുണ്ടാകുന്നത്. സ്വർഗ്ഗീയാരാധനയിൽ ഇപ്പോൾത്തന്നെ പങ്കുചേർന്നാലെന്നതുപോലുള്ള അനുഭവമുളവാക്കുന്നതാണ് പൗരസ്ത്യസഭയുടെ പ്രാർത്ഥനാശൈലി. സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ ഒരു മുന്നാസ്വാദനം തന്നെയാണത്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 16 പ്രമാണരേഖകളിൽ ഏറ്റവും ആദ്യം പ്രഖ്യാപിക്കപ്പെട്ടത് ലിറ്റർജിയെക്കുറിച്ചുള്ളതാണ്. ലിറ്റർജിയുടെ പ്രാധാന്യവും സഭയിൽ റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനവുമാണ് അതിന് പ്രചോദനമായതെന്ന് കൗൺസിൽതന്നെ ഏറ്റുപറയുന്നു. എന്തെന്നാൽ സഭയിലായിരിക്കുന്ന നാം കർത്താവിന്റെ പരിശുദ്ധമായ ആലയമായി, പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ലിറ്റർജിവഴി അനുദിനം പണിയപ്പെട്ടുകൊണ്ടിരിക്കുന്നു (Eph. 2:21-22; Instruction 1996, 3).

പൗരസ്ത്യസഭകളിലെ ആരാധനക്രമതത്ത്വങ്ങളെയും നിയമങ്ങളെയും സംബന്ധിച്ച കാര്യങ്ങൾ രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ജനതകളുടെ പ്രകാശം, സഭൈക്യം, പൗരസ്ത്യസഭകൾ എന്നീ പ്രമാണരേഖകളിലും, പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാനോൻസംഹിതയിലും കാണാൻ കഴിയും. പൗരസ്ത്യസഭകളുടെ സവിശേഷവും വൈവിധ്യമാർന്നതുമായ പാരമ്പര്യങ്ങളുടെ അന്യാധീനപ്പെടുത്താനാവാത്ത മൂല്യത്തെ ഈ രേഖകൾ ഏറെ പ്രശംസിക്കുന്നുണ്ട്. വത്തിക്കാനിലെ പൗരസ്ത്യസഭാകാര്യാലയം പൗരസ്ത്യസഭകൾക്കുവേണ്ടി ഇപ്രകാരമൊരു ഉദ്ബോധനം (Instruction 1996) നൽകിയിരിക്കുന്നത് പൗരസ്ത്യസഭകൾതന്നെ തങ്ങളുടെ തനിമ

പൂർണ്ണമായി മനസ്സിലാക്കുന്നതിന് അവരെ സഹായിക്കുവാനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് (Instruction, 5). ഉദ്ബോധനത്തിന്റെ ലക്ഷ്യങ്ങളായി നൽകിയിരിക്കുന്ന ചില കാര്യങ്ങൾ താഴെ ചേർക്കുന്നു:

1. പൗരസ്ത്യ പാരമ്പര്യങ്ങളുടെ വിപുലമായ ആത്മീയസമ്പത്തിനെക്കുറിച്ച് ഈ സഭകൾക്കുതന്നെ കൂടുതൽ ആഴമായ അറിവു നൽകുകയും ഈ പാരമ്പര്യങ്ങൾ കരുതലോടെ നിലനിർത്തുകയും എല്ലാ വിശ്വാസികളിലേക്കും ഈ അറിവ് പകരുകയും ചെയ്യുക.
2. എല്ലാ പൗരസ്ത്യകത്തോലിക്കാ സഭകൾക്കും പ്രസക്തമായ ആരാധനക്രമനിയമങ്ങളുടെ സംഗ്രഹം തയ്യാറാക്കുകയും, ശ്ലീഹന്മാരിൽനിന്ന് സഭാപിതാക്കന്മാർവഴി ഓരോ പൗരസ്ത്യസഭയ്ക്കും അവകാശമായി ലഭിച്ചിട്ടുള്ള പാരമ്പര്യത്തിനനുസരിച്ച്, ആവശ്യമുള്ളിടത്ത് പൗരസ്ത്യ ആരാധനക്രമത്തിന്റെ ആധികാരികത വീണ്ടെടുക്കുക.
3. ദിവ്യരഹസ്യാധിഷ്ഠിതബോധനം നൽകുന്ന സ്കൂളുകൾവഴി വൈദികർക്കും വൈദികാർത്ഥികൾക്കും പരിശീലനസ്ഥാപനങ്ങൾക്കും ദൈവജനത്തിനുംവേണ്ടി സുസ്ഥിരമായ ആരാധനക്രമപരിശീലനസംവിധാനം ഏർപ്പെടുത്തുക (n.5).

പൗരസ്ത്യസഭകളുടെ പ്രത്യേകമായ പൈതൃകം അന്യാധീനപ്പെടുത്താൻ പാടില്ലാത്ത മൂല്യമാണെന്ന് വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളും പൗരസ്ത്യകാനോൻസംഹിതയും സഭയുടെ പ്രബോധനാധികാരത്തിൽനിന്ന് ആവർത്തിച്ചു നൽകിയിട്ടുള്ള ആധികാരിക പ്രഖ്യാപനങ്ങളും വ്യക്തമാക്കിയിട്ടുള്ളതാണ്. പൗരസ്ത്യസഭകൾക്ക് തങ്ങളുടേതായ ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും ആരാധനക്രമവും ശിക്ഷണക്രമവും ഉണ്ടെന്നും, ശ്ലീഹന്മാരിൽനിന്ന് പിതാക്കന്മാർവഴി ലഭിച്ച പാരമ്പര്യം അവയിൽ പ്രശോഭിക്കുന്നുണ്ടെന്നും, ഈ പാരമ്പര്യം സാർവ്വത്രികസഭയുടെ അവിഭാജ്യവും ദൈവാവിഷ്കൃതവുമായ പിതൃസ്വത്തിന്റെ ഭാഗമാണെന്നും മേല്പറഞ്ഞ രേഖകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (LG 23, OE 1).

## പൗരസ്ത്യസഭാപൈതൃകത്തിന്റെ ചില സവിശേഷതകൾ

ബൈബിളിലെ പ്രതീകാത്മകത പൗരസ്ത്യദൈവശാസ്ത്രത്തിൽ നിലനിർത്തിയിരിക്കുന്നു. ലിറ്റർജിയുടെ ആഘോഷത്തിൽ അവാച്യവും ഭയഭക്തിജനകവുമായ ദിവ്യരഹസ്യാത്മകത (Mystery) നിറഞ്ഞുനില്ക്കുന്നു. സമ്പന്നവും അർത്ഥവത്തുമായ ശൈലികളിലൂടെ പ്രാർത്ഥനയിലുടനീളം ഒരു ആരാധനാഭാവം പുലർത്തുന്നുണ്ട് പൗരസ്ത്യസഭകൾ. ഉദാഹരണത്തിന്, വിരാമമില്ലാത്ത ദൈവസ്തുതികൾ,

മാപ്പപേക്ഷ, തുടർച്ചയായ റൂഹാക്ഷണം തുടങ്ങിയവ. വിശുദ്ധ ലിഖിതങ്ങളിൽനിന്ന് നേരിട്ട് സ്വായത്തമാക്കുന്ന ഒരു ആദ്ധ്യാത്മികതയാണ് തങ്ങളുടേതെന്ന് പൗരസ്ത്യസഭകൾ അഭിമാനംകൊള്ളുന്നു. അതിനാൽ യുക്തിചിന്തയുടെ സ്വാധീനം കുറവുള്ളതാണ് പൗരസ്ത്യദൈവശാസ്ത്രം. സാംസ്കാരികവും ചരിത്രപരവുമായ കാരണങ്ങളാൽ സഭ ഉത്ഭവിച്ച ആത്മീയാന്തരീക്ഷത്തിന്റെ നേരിട്ടുള്ള തുടർച്ച കൂടുതലായി നിലനിർത്തിയിട്ടുള്ളവയാണ് പൗരസ്ത്യസഭകൾ. മുരടിപ്പോ പിന്നോക്കാവസ്ഥയോ ആയിട്ടല്ല, മറിച്ച് രക്ഷയുടെ ഉറവിടങ്ങളോടുള്ള വിലപ്പെട്ട വിശ്വസ്തതയായിട്ടാണ് പാശ്ചാത്യലോകം തന്നെ ഇതിനെ കാണുന്നത് (റോമൻ പ്രബോധനം, 9).

## 4. പൗരസ്ത്യപൈതൃകം സംരക്ഷിക്കാൻ ചുമതല

പൗരസ്ത്യസഭകളുടെ അമൂല്യനിധികൾ പുഷ്ടിപ്പെടണമെന്നും ലോകത്തിന്റെ സുവിശേഷവല്ക്കരണത്തിന് കൂടുതൽ കൂടുതൽ കാര്യക്ഷമതയോടെ അവ പ്രയോജനപ്പെടുത്തണമെന്നുമുള്ള ആഗ്രഹത്തോടെ വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു, പൗരസ്ത്യസഭകളിലെ അംഗങ്ങൾക്ക് തങ്ങളുടെ സഭാപൈതൃകം എന്തെന്ന് അറിയാനും അത് സംരക്ഷിക്കാനും ജീവിക്കാനും അവകാശവും ചുമതലയുമുണ്ടെന്ന് (OE, 6). പൗരസ്ത്യറീത്തുകാരായ വിശ്വാസികളെ തങ്ങളുടെ സഭയിൽ നിന്നകറ്റുന്ന ഏതു ശ്രമത്തെയും കുറ്റകരമെന്നു വിധിക്കുന്നതാണ് കൗൺസിലിന്റെ ഈ ഉദ്ബോധനം. ഒരു സ്വയാധികാരസഭയിൽനിന്ന് മറ്റൊന്നിലേക്ക് മാറാൻ പ്രേരിപ്പിക്കുന്നത് പ്രത്യക്ഷമായും കുറ്റകരമാണ്. സ്വന്തം സഭാപൈതൃകത്തിനു ചേരാത്ത ചിന്താരൂപങ്ങളോ ആദ്ധ്യാത്മികതയോ ഭക്തിമുറകളോ സ്വീകരിക്കുന്നതിനെ പിന്തുണയ്ക്കുന്നത് പരോക്ഷമായി കുറ്റകരമാണ് (CCEO Cann 31, 1465). റോമാ മാർപ്പാപ്പമാർ കാലാകാലങ്ങളിൽ ഇക്കാര്യം ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതും പ്രത്യേകിച്ച്, 13-ാം ലെയോ മാർപ്പാപ്പാ തന്റെ 'കിഴക്കിന്റെ മഹത്ത്വം' (Orientalium Dignitas) എന്ന ശ്ലൈഹികലേഖനത്തിൽ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുള്ളതുമാണ് (റോമൻ പ്രബോധനം, 10).

പൗരസ്ത്യ തനിമ നഷ്ടമാകുക എന്ന അപകടം പ്രവാസികളുടെയിടയിൽ കൂടുതൽ രൂക്ഷമാണ്; മുഖ്യമായും ലത്തീൻപാരമ്പര്യം നിലവിലുള്ള പ്രദേശങ്ങളിലേക്കു പോകുന്ന പൗരസ്ത്യസഭാംഗങ്ങൾ ഈ അപകടസാഹചര്യത്തിലാണ്. കേരളത്തിൽനിന്ന് ഇന്ത്യയിലെതന്നെ വിവിധ പ്രദേശങ്ങളിലേക്കു കുടിയേറിയിരിക്കുന്ന സീറോമലബാർ സഭാംഗങ്ങൾ സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടോ, സ്വമനസ്സാലെയോ, പരപ്രേരണകൊണ്ടോ സ്വന്തംറീത്ത് ഉപേക്ഷിക്കുന്ന അവസ്ഥ ദീർഘനാളായി നിലവിലിരിക്കുന്നു. യഥാർത്ഥത്തിൽ

പ്രവാസികളുടെ ആതിഥേയരാജ്യങ്ങൾ പൗരസ്ത്യ റീത്തിൽപ്പെട്ട പ്രവാസികളുടെ സാന്നിദ്ധ്യംമൂലം സമ്പന്നമാക്കപ്പെടുന്നു എന്നാണ് റോമൻ പ്രബോധനം അഭിപ്രായപ്പെടുന്നത് (n.10). പൗരസ്ത്യസഭാ പൈതൃകം സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും പൗരസ്ത്യരായ അജപാലകർക്കു മാത്രമല്ല, ഈ പ്രദേശങ്ങളിലെ ലത്തീൻ അജപാലകർക്കും ചുമതലയുണ്ടെന്ന് റോമൻ പ്രബോധനം പ്രസ്താവിക്കുന്നു. കാരണം, മിശിഹായുടെ സഭയുടെ വൈവിധ്യമാർന്ന സമ്പന്നതയെ പൗരസ്ത്യസഭാംഗങ്ങളുടെ സാന്നിദ്ധ്യം വിസ്മയകരമായ രീതിയിൽ വെളിപ്പെടുത്തുന്നു (n. 10).

## 5 ആദ്ധ്യാത്മിക പിതൃസ്വത്തിന്റെ സംരക്ഷണം

പൗരസ്ത്യസഭകൾ തങ്ങളുടെ നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കണമെന്നും ജീവാത്മകമായ വളർച്ചയ്ക്കു വേണ്ടിയല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്തരുതെന്നും, അവയിൽ നിന്ന് വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിച്ചുവരാൻ പ്രയത്നിക്കണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (OE 6 ). പൗരസ്ത്യ സഭാ പാരമ്പര്യത്തിന്റെ സംരക്ഷണത്തിനു വേണ്ടിയുള്ള ശ്ലൈഹിക സിംഹാസനത്തിന്റെ ശക്തമായ നിലപാടാണ് കൗൺസിലിന്റെ ഈ ആഹ്വാനം വെളിപ്പെടുത്തുന്നതെന്നും, പൗരസ്ത്യ സഭകൾ തങ്ങളുടെ ആധികാരികമായ പാരമ്പര്യങ്ങളും തനിമയും വീണ്ടെടുക്കുവാനുള്ള ധൈര്യം കാണിക്കണമെന്നും ആവശ്യമുള്ളിടത്ത് അവ പുന:സ്ഥാപിക്കണമെന്നും വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി (പ്രബോധനം, 12).

## 6 ലിറ്റർജിയുടെ സവിശേഷപ്രധാന്യം

സഭയുടെ ആത്മീയ പിതൃസ്വത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനമാണ് ലിറ്റർജി. ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും ശിക്ഷണക്രമവുമെല്ലാം ഈ പിതൃസ്വത്തിന്റെ ഇതര ഘടകങ്ങളാണ്. അവയോട് അവിഭാജ്യമായി ബന്ധപ്പെട്ടാണ് പൗരസ്ത്യപാരമ്പര്യത്തിൽ ലിറ്റർജിയുടെ ആഘോഷം അവയെ മാറ്റി നിർത്തിയല്ല ലിറ്റർജിയുടെ അനുഷ്ഠാനം. ലിറ്റർജി ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ്. പൗരസ്ത്യസഭകൾ സവിശേഷമായ രീതിയിൽ ഇത് അന്വർത്ഥമാക്കിയിരിക്കുന്നു

സഭാപിതാക്കന്മാരുടെ കാലത്തെ സഭയുടെ ചൈതന്യം പൗരസ്ത്യസഭകൾ സംരക്ഷിച്ചിരുന്നു. വിശ്വാസപരിശീലനവും മതബോധനവും ലിറ്റർജിയോടു ബന്ധപ്പെട്ടാണ് നടന്നിരുന്നത്; വിശുദ്ധ ലിഖിതം പ്രഘോഷിക്കപ്പെട്ടതും വ്യാഖ്യാനിക്കപ്പെട്ടതും അങ്ങനെ തന്നെ.

മാമ്മോദീസാർത്ഥികളെയും അനുതാപികളെയും കൂദാശാ സ്വീകരണത്തിനായി ഒരുക്കിയിരുന്നതും ലിറ്റർജിയുടെ പശ്ചാത്തലത്തിലായിരുന്നു. ചുരുക്കത്തിൽ സഭയുടെ ജീവിതം മുഴുവൻ ലിറ്റർജിയിൽ സംക്ഷേപിച്ചിരിക്കുകയാണെന്നു പറയാം. ഈ മാതൃകയാണ് ഇന്നും പൗരസ്ത്യസഭകൾക്ക് പ്രചോദനം. വിശ്വാസികളുടെ രൂപീകരണത്തിന്റെ ദിവ്യ രഹസ്യാധിഷ്ഠിത സമീപനമാണിത്. അതായത്, ലിറ്റർജിയിൽ നിന്നാണ് മിശിഹായിലുള്ള ജീവിതം വളർന്നു മുന്നേറുന്നത് (പ്രബോധനം, 15)

## 7. ഉപസംഹാരം

ലിറ്റർജിയിൽ ആഘോഷിക്കപ്പെടുന്ന ദൈവികരഹസ്യങ്ങളെ ധ്യാനിക്കുകയും അതിൽ പങ്കുചേരുകയും ചെയ്യുന്നതിന്റെ പ്രകാശനങ്ങളാണ് ദൈവസ്തുതികൾ, അത്ഭുതകരമായ രക്ഷാ സംഭവങ്ങളുടെ അനുസ്മരണം, നന്ദി പ്രകാശനം, റൂഹാക്ഷണം, അവർണനീയമായ ദൈവിക യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ സ്വന്തം അയോഗ്യതയേയും പരിമിതിയേയും കുറിച്ചുള്ള അവബോധം, ഭയഭക്തിജനകമായ ദിവ്യരഹസ്യങ്ങളുടെ സാമീപ്യം ഉളവാക്കുന്ന അപര്യാപ്തതാബോധം, വിനീതമായ ആരാധനാഭാവം തുടങ്ങിയവ. ഇവയൊക്കെ പ്രകാശിപ്പിക്കാൻ ഉതകുന്ന ഭാഷാശൈലിയും, ലിറ്റർജിയുടെ ആഘോഷവേദിയായ മദ്ബഹായെ ഭക്ത്യാദരവോടെ സമീപിക്കുന്നതും, വിശുദ്ധസ്ഥലത്തെ വിരികൊണ്ട് വേർതിരിക്കുന്നതുമെല്ലാം ലിറ്റർജിയുടെ ആഘോഷത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

പൗരസ്ത്യസഭകളിൽ പ്രാർത്ഥന ശക്തമായും സമൂഹാത്മകമാണ്. ദൈവത്തിൽ ആശ്രയം തേടാൻ വിശ്വാസികളെ ലിറ്റർജി ആനയിക്കുമ്പോഴും ജനങ്ങളുമായി ഐക്യപ്പെട്ടിരിക്കാനും ആഹ്വാനം ചെയ്യുന്നു. അങ്ങനെ എല്ലാവരും തങ്ങളുടെ പദവിക്കനുസരിച്ച് ലിറ്റർജിയുടെ ആഘോഷത്തിൽ പങ്കാളികളാകുന്നു.

പൗരസ്ത്യസഭകളിൽ ലിറ്റർജിക്കുള്ള അനന്യസ്ഥാനത്തെ ഏറെ ആദരവോടെയാണ് തിരുസ്സഭ വീക്ഷിക്കുന്നത്. അതിന്റെ സമ്പന്നത സഭയ്ക്കു നഷ്ടമാകാതിരിക്കാനുള്ള പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും, നിയമങ്ങളും സഭ നൽകിയിരിക്കുന്നു. പാരമ്പര്യങ്ങളും തനിമയും നഷ്ടപ്പെട്ടിട്ടുള്ള പൗരസ്ത്യസഭകൾ അവ വീണ്ടെടുക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുവേണം നമ്മൾ ലിറ്റർജിയെ കേന്ദ്രീകരിച്ചുള്ള പഞ്ചവത്സര അജപാലന പദ്ധതിയുടെ മൂന്നാം വർഷം ആചരിക്കാൻ തിരുസ്സഭാധികാരികളുടെ വ്യക്തവും ശക്തവുമായ പ്രബോധനങ്ങളെ അവഗണിച്ചും, തിരസ്കരിച്ചും, അവമതിച്ചും, പൗരസ്ത്യസഭാ പാരമ്പര്യത്തെ, പ്രത്യേകിച്ച്

നമ്മുടെ ആരാധനക്രമത്തെ അധിക്ഷേപിക്കുകയും, അന്യമെന്നു പറഞ്ഞു തിരസ്കരിക്കുകയും ചെയ്യുന്ന ചിലരെങ്കിലും നമ്മുടെ സഭയിലുണ്ടെന്നുള്ളത് വേദനാജനകമാണ്. ഏറെപ്പേർ ഏതാണ്ട് നിസ്സംഗതയോടെ വ്യാപരിക്കുകയും ലിറ്റർജിയിൽ സജീവമായി പങ്കെടുക്കാതെയിരിക്കുകയും ചെയ്യുന്നു. ഇവയെല്ലാം പരിഹരിച്ചു ഒരുത്തമ ആരാധനാ സമൂഹമാകാൻ എല്ലാ അതിരൂപതാംഗങ്ങളോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭയുടെ ആരാധനാ പൈതൃകത്തെക്കുറിച്ച് ആഴമായ അറിവ് നേടാനും ഭിന്നതകളെല്ലാം മറന്നും ക്ഷമിച്ചും ഏകമനസ്സോടെ കർത്താവിൽ ഒന്നായിരിക്കാനും ആരാധനാ കർമ്മങ്ങളിൽ ഒരുക്കത്തോടും ഉത്സാഹത്തോടും കൂടി പങ്കുചേർന്ന് ദൈവകൃപയിൽ അനുദിനം വളരാനും ഈ ആരാധനാ വത്സരത്തിൽ നമുക്കു പരിശ്രമിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത





**ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ**
വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച് അതിരമ്പുഴ
Mob 9447506593
jmundakam@gmail.com

**പ്രിയ സഹോദരീസഹോദരന്മാരെ,**

അമലോത്ഭവ തിരുനാളിന്റെയും ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ **!!!**

ഒരു ആരാധനാവത്സരം അവസാനിച്ചു. മറ്റൊരു വർഷം ആരംഭിക്കുന്നു. മംഗലവാർത്താക്കാലത്തോടെ പുതിയ ആരാധനാവത്സരത്തിലേക്കു നാം പ്രവേശിക്കുന്നു. മിശിഹായുടെ ജീവിതത്തിലെ വിവിധ വശങ്ങളെ പ്രത്യേകമായി അനുസ്മരിച്ചുകൊണ്ട് രക്ഷിക്കപ്പെട്ടവരുടെ സമൂഹം എന്ന നിലയിൽ സഭ ആരാധനാവത്സരത്തിലൂടെ ദൈവത്തെ സ്തുതിക്കുന്നു.

ദൈവപുത്രന്റെ മനുഷ്യാവതാരം പ്രധാന പ്രമേയമായ മംഗലവാർത്തക്കാലത്തോടെ പുതിയ വർഷം ആരംഭിക്കുന്നത് യുക്തമാണ്. ഈ കാലത്തെ ചിലയാളുകൾ **'ആഗമനകാലം'** (Tempus Adventus) എന്നും വിളിക്കാറുണ്ട്. അങ്ങനെ വിളിക്കുവാൻ ചില കാരണങ്ങളുമുണ്ട്. ലത്തീൻ സഭയിൽ കർത്താവിന്റെ മനുഷ്യാവതാരത്തെ മാത്രമല്ല ഇനി നടക്കുവാനിരിക്കുന്ന രണ്ടാമത്തെ ആഗമനത്തേയും ഓർക്കുന്ന കാലമാണ് ഇത്. പരിശുദ്ധനായ പോൾ ആറാമൻ പാപ്പ Mysterii Paschalis എന്ന രേഖയിൽ "ഈ കാലഘട്ടം ഭക്തിയും മാധുര്യവും ചേർന്നു നിൽക്കുന്ന പ്രത്യാശ

യുടെ കാലമാണ്" എന്നാണ് പഠിപ്പിക്കുക.

പൗരസ്ത്യ സുറിയാനിസഭ കർത്താവിന്റെ പിറവിത്തിരുളിനൊരുക്കമായുള്ള ഈ കാലത്തെ "മംഗലവാർത്ത" എന്നർത്ഥമുള്ള 'സുബാറ' എന്നാണ് വിളിക്കുക. 'ലോകം മുഴുവൻ സന്തോഷം നല്കുന്ന വാർത്ത' എന്നു പറഞ്ഞുകൊണ്ട് ദൂതൻ മറിയത്തെ അഭിമുഖീകരിച്ചു എന്ന് പൗരസ്ത്യ സുറിയാനി കാനോനാ നമസ്കാരത്തിൽ (Bedjan)രേഖപ്പെടുത്തിയിരിക്കുന്ന വാർത്ത സർവ്വലോകത്തിനും വേണ്ടിയുള്ള സദ്‌വാർത്തയായി ദൂതൻ അറിയിച്ചത് ആട്ടിടയന്മാരെയാണ്(ലൂക്കാ 2:10). വി. ഗ്രന്ഥവിവരണം അനുസരിച്ച് മറിയത്തിന് ലഭിച്ച അറിയിപ്പുകൾ രഹസ്യസ്വഭാവത്തിൽ ഉള്ളവയായിരുന്നു (ലൂക്കാ 1:26-38). എന്നിരുന്നാലും ആ വാർത്ത പിൽക്കാലത്ത് ലോകത്തിന് മുഴുവൻ ആനന്ദം പകരുന്നതും വിസ്മയം ജനിപ്പിക്കുന്നതും ആയിരുന്നു എന്ന് നമുക്കറിയാം. മംഗലവാർത്തക്കാലം ഞായർ 'സപ്രാ' നമസ്ക്കാരത്തിൽ മനുഷ്യപുത്രന്റെ ജനനത്തിൽ മനുഷ്യൻ വിസ്മയിക്കുന്നതായി നാം പാടി പ്രാർത്ഥിക്കുന്നുണ്ട്.

'മഹിയിൽ വന്നു പിറന്നവനേ,
മഹിമ നിറഞ്ഞ പരാപരനേ,
നിന്മുഖ ദർശന ഭാഗ്യത്തിൽ
നരതതി വിസ്മയ പൂരിതമായി'

മനുഷ്യരായ നമ്മുടെ കാര്യത്തിൽ ഇത്രമാത്രം താത്പര്യം കാണിച്ചിട്ടുള്ള ദൈവം നമുക്കു നല്കിയ ഏറ്റം വലിയ സമ്മാനമായിരുന്നു തന്റെ അരുമസുതൻ. അകന്നു പോയ മനുഷ്യവംശത്തെ തന്നോട് അടുപ്പിക്കുന്നതിനുവേണ്ടി ദൈവം മനുഷ്യരൂപം പൂണ്ടു എന്ന യാഥാർത്ഥ്യത്തെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം ഈ ബോധ്യത്തിനൊത്തവണ്ണം ജീവിതത്തിന്റെ എല്ലാ രംഗങ്ങളേയും ക്രമീകരിക്കുവാനുള്ള കടമയെപ്പറ്റിയും അവബോധമുള്ളവരാകാം.

ഈ കാലഘട്ടത്തിൽ നാം ആഘോഷിക്കുന്ന മറ്റൊരു തിരുനാൾ പ. കന്യകാമറിയത്തിന്റെ അമലോദ്ഭവതിരുനാളാണ്. ലോകത്തിൽ മിശിഹായ്ക്ക് ജന്മമരുളുവാൻ വിളിക്കപ്പെട്ട പരി. കന്യകാമറിയം ഉദ്ഭവത്തിൽ തന്നെ പരിശുദ്ധയായിരുന്നുവെന്നും ജന്മപാപമില്ലാതെ ലോകത്തിൽ ജനിച്ച ഏക സ്ത്രീയാണ് അവൾ എന്നുമാണ് നാം വിശ്വസിച്ച് ഏറ്റ് പറയുന്നത്. ഈ സത്യം വിശ്വാസ സത്യമായി 9-ാം പീയൂസ് പാപ്പ പ്രഖ്യാപനം ചെയ്തത് 1854 ഡിസംബർ 8-ാം തീയതിയാണ് 'പരിശുദ്ധ മറിയം തന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാക്കപ്പെട്ടപ്പോൾതന്നെ സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക കൃപയാൽ മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകൾ പരിഗണിച്ച് ജന്മപാപ

ത്തിന്റെ സകല മാലിന്യങ്ങളിൽനിന്നും പൂർണ്ണ വിമുക്തയായിരുന്നു' എന്നാണ് പ്രഖ്യാപനത്തിന്റെ സാരം. അങ്ങനെ പൗരസ്ത്യസഭകളിൽ ഏഴാം നൂറ്റാണ്ടുമുതൽ തന്നെ ആഘോഷിച്ചു വന്നിരുന്ന അമ്മയുടെ അമലോദ്ഭവതിരുനാളിന് ഔദ്യോഗികമായ അംഗീകാരം വന്നുചേർന്നു.

'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി കർത്താവ് നിന്നോടുകൂടെ' എന്ന ഗബ്രിയേൽ ദൂതന്റെ അഭിസംബോധന 'നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്, നിന്റെ ഉദരഫലവും അനുഗ്രഹിതം' (ലൂക്കാ 1: 42) എന്ന എലിസബത്തിന്റെ പ്രസ്ഥാവനയോടുക്കൂട്ടിച്ചേർക്കുമ്പോൾ മറിയത്തിന്റെ അനന്യത വെളിവാകും. മറിയത്തിന്റെമേൽ ദൈവം ഈ ഒരു കൃപ ചൊരിഞ്ഞപ്പോൾ 'നിന്റെ മനസ്സുപോലെ എന്നിൽ ഭവിക്കട്ടെ' എന്ന സ്വതന്ത്ര സമ്മതം നൽകുവാൻ അവൾക്ക് കഴിവ് ലഭിച്ചു. വ്യക്തിപരമായ പാപത്തിൽനിന്നു മാത്രമല്ല ഉദ്ഭവ പാപത്തിൽനിന്നും ജീവിതത്തിന്റെ തുടക്കം മുതൽ അവൾ വിമുക്തയായിരുന്നു എന്ന് ന്യായമായും ചിന്തിക്കാം. നൂറ്റാണ്ടുകളായി സഭയിൽ നിലനിന്നിരുന്ന പാരമ്പര്യമാണ് മാർപ്പാപ്പയുടെ പ്രഖ്യാപനത്തോടെ വിശ്വാസസത്യമായി മാറിയത്. നാം അത് വിശ്വസിച്ച് ഏറ്റു പറയുവാൻ കടപ്പെട്ടിരിക്കുകയും ചെയ്യുന്നു.

കാലത്തിന്റെ പൂർണ്ണതയിൽ കാലഘട്ടത്തെ രണ്ടായി വിഭജിച്ചുകൊണ്ട് ലോകത്തിലേക്ക് കടന്നുവന്ന ദൈവപുത്രന്റെ മനുഷ്യാവതാരവും അവന് ലോകത്തിൽ ജന്മമരുളുവാൻ ദൈവത്തിന്റെ കയ്യിലെ ഉപകരണമായി മാറി സമ്മതം മൂളിയ മാതാവിന്റെ അമലോദ്ഭവവും ആഘോഷിക്കുന്ന ഈ മാസം ശാന്തിയും സമാധാനവും നമ്മുടെ കുടുംബങ്ങളിൽ അനുഭവിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം കടന്നുവരുന്ന പുതുവർഷവും നമുക്കേവർക്കും അനുഗ്രഹപ്രദമായ ഒരു വർഷമായിത്തീരട്ടെ എന്നുകൂടി നമുക്ക് പരസ്പരം ആശംസിക്കാം.

**സ്നേഹപൂർവ്വം**

**വികാരിയച്ചൻ**

**വായിക്കാം ചിന്തിക്കാം**

എന്റെ ശൂന്യതയെപ്പറ്റി ഞാൻ സംസാരിക്കുകയാണെങ്കിൽ, അതിനെപ്പറ്റി എനിക്കവബോധമുണ്ടെങ്കിൽ അതു ശൂന്യതയാവുമോ.

പുല്ലാങ്കുഴലിന്റെ പൊള്ളയായ ഉള്ള് സംഗീതത്തിനും, കടലാസിന്റെ എഴുതാപ്പുറം അക്ഷരങ്ങൾക്കും, ജനൽ എന്ന പറയുന്ന പൊള്ളയായ കവാടം പ്രകാശത്തിനും സത്തയുടെ അഭാവം പുണ്യത്തിനും കൂടിയേ തീരൂ.

**ഡിസംബർ.....** ഉണ്ണീശോയുടെ കുഞ്ഞുങ്ങളുടെ മാസം ... നമ്മുടെ മാസം. ആഹ്ലാദകരമായ ക്രിസ്മസ്കാലം വീണ്ടും വരവായ്.... ഒരാഘോഷവുമിപ്പോൾ മനസ്സിനെ സന്തോഷിപ്പിക്കാറില്ല; മാത്രമല്ല, നല്ലൊരളവിൽ മടുപ്പിക്കുന്നുമുണ്ട് എന്തും നമുക്കിപ്പോൾ അടിച്ചു പൊളിക്കാനുള്ള അവസരമല്ലേ? മനുഷ്യന്റെ ജനനവും മരണവുമെല്ലാം....

മംഗളവാർത്താക്കാലം സുകൃതജപങ്ങളുടെ കാലമാണ്. സുകൃതജപങ്ങൾ ഉരുവിട്ട് പുൽക്കൂട്ടിലെ ഉണ്ണിശോയ്ക്ക് കുഞ്ഞുടുപ്പും സുകൃതാഭരണങ്ങളുമെല്ലാം 25 ദിവസങ്ങളിലായി നൽകുന്ന മനോഹരമായ പാരമ്പര്യം മുതിർന്ന തലമുറ ഒരു കാലത്ത് കുഞ്ഞുങ്ങളെ പഠിപ്പിച്ചിരുന്നു. പഠനത്തിന്റെ തിരക്കിനിടയിലും മനസ്സിലും ചുണ്ടിലും സുകൃതജപങ്ങൾ സൂക്ഷിക്കേണ്ട കാലമാണ് ക്രിസ്മസ്കാലം...



**ഫാ. പ്രിൻസ്**
മാഞ്ഞൂരാൻ
princejmvc@gmail.com

ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ഒരുമിച്ചിരുന്ന് വീട്ടുകാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്യുന്ന കുടുംബങ്ങളാണ് നമ്മുടെ കുടുംബങ്ങളെങ്കിൽ അവിടെ സന്തോഷവും സമാധാനവും കളിയാടും. കുടുംബങ്ങളിൽ നാം പരസ്പരം അംഗീകരിക്കുന്നവരും മനസ്സ്തുറന്ന് സംസാരിക്കുന്നവരുമാവണം. അതിന് കടൽത്തീരം കണക്കെ വിശാലതയുള്ള ഒരു മനസ്സുണ്ടാവണം. അപ്പോൾ എല്ലാവർക്കും ഇടം കൊടുക്കുന്നവരും നിർമ്മലമായ ഹൃദയത്തിനുടമകളുമാവും നാം. അതുപോലെ അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്ന എളിമയുടെ ആപ്തവാക്യം എന്ന് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ തുടങ്ങുന്നുവോ, അന്നുമുതൽ നാം ദൈവതിരുമുമ്പിൽ വലിയവരായിരിക്കും. എളിമയെന്ന പുണ്യവും നിർമ്മലമായ ഒരു ഹൃദയവും നല്കി നമ്മുടെ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും അനുഗ്രഹിക്കണമേ എന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

**അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്ന എളിമയുടെ ആപ്തവാക്യം എന്ന് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ തുടങ്ങുന്നുവോ, അന്നുമുതൽ നാം ദൈവതിരുമുമ്പിൽ വലിയവരായിരിക്കും.**

സ്നേഹപൂർവ്വം
**പ്രിൻസച്ചൻ**

Message

## *ഒരു ദൈവം തന്റെ ജനത്തിന്റെ കൂടെ പാർക്കാൻ ഇറങ്ങി വന്നു....*



**ഫാ. ജിജോ**
കുറിയന്നൂർപറമ്പിൽ
tjijo123 @gmail.com

**പുൽക്കൂട്ടിലെ കാലിത്തൊഴുത്ത് കാൽവരിയിലേയ്ക്കുള്ള നമ്മുടെ യാത്രയാണ്.**

മഞ്ഞുപെയ്യുന്ന ഡിസംബർ മാസത്തിന്റെ ഓർമ്മകളെ തഴുകിത്തലോടി ഒരു ഒരു ക്രിസ്മസ് കാലംകൂടി വന്നെത്തിയിരിക്കുന്നു. ഇത് 2019 നോട് വിടപറയുവാൻ ഒരുങ്ങുന്ന മാസമെങ്കിൽ സഭയെ സംബന്ധിച്ചിടത്തോളം മംഗളവാർത്താക്കാലത്തിന്റെ ചൈതന്യത്തിലാണ്. ഈ കാലഘട്ടം ആരാധനവത്സരത്തിലെ പുതുവത്സരമാണ്. മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി ഒരു ദൈവം തന്നെതന്നെ ചെറുതാക്കിയ രക്ഷാകര ചരിത്രമാണ് മംഗളവാർത്താക്കാലം ഓർമ്മപ്പെടുത്തുന്നത്. ദൈവം മനുഷ്യന്റെ കൂടെ വസിക്കുന്ന അനുഭവമാണിത്. പാപം ഒഴികെ മറ്റെല്ലാകാര്യങ്ങളിലും മനുഷ്യനോടൊത്ത് സഹവസിച്ച ദൈവത്തിന്റെ കാരുണ്യമാണ് ഈ കാലത്തിന്റെ കേന്ദ്രം.

നക്ഷത്രങ്ങളും ക്രിസ്മസ് ട്രീയും പുൽക്കൂടുകളുമെല്ലാം റെഡിമെയിഡായി ഇന്ന് കൈകളിലെത്തുമ്പോൾ നഷ്ടപ്പെട്ട ഒരു ക്രിസ്മസ് കാലഘട്ടത്തിലേയ്ക്ക് നമുക്ക് തിരികെ പോകാം. കളർപേപ്പറുകൾകൊണ്ട് നക്ഷത്രങ്ങളും ഇല്ലിമുളകൾകൊണ്ട് പുൽകൂടുകളും ഉണ്ടാക്കിയ ഒരു കാലമുണ്ടായിരുന്നു നമുക്ക്. ആ കാലഘട്ടം ബന്ധങ്ങളുടെ ഊഷ്മളത വിളിച്ചറിയിച്ച അവസരങ്ങളായിരുന്നു. 25 ദിവസം നോമ്പ് നോക്കിയും ത്യാഗം അനുഷ്ഠിച്ചും ഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണിശോയ്ക്കുവേണ്ടി ഒരു കൂടാരം നമുക്കും നിർമ്മിക്കാം. ഓർമ്മിക്കുക പുൽക്കൂട്ടിലെ കാലിത്തൊഴുത്ത് കാൽവരിയിലേയ്ക്കുള്ള നമ്മുടെ യാത്രയാണ്. എല്ലാവർക്കും ഉണ്ണിശോയുടെ പിറവിതിരുനാളിന്റെ പ്രാർത്ഥനാശംസകൾ

സ്നേഹപൂർവ്വം
**ജിജോച്ചൻ**

**അ**വതരിച്ച വചനത്തെ കാത്തിരിക്കുന്ന ജനതയുടെ ഹൃദയങ്ങളെ കുളിർപ്പിക്കുന്ന ഡിസംബർ മാസം വരവായി. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും (മത്താ. 1: 22-23) **'സൂബാറ'** അഥവാ മംഗളവാർത്ത എന്ന് നാം വിളിക്കുന്ന ഒരു ആരാധനാ പുതുവത്സരത്തിലേക്ക് ഈ ഡിസംബർ മാസം നാം പ്രവേശിക്കുന്നു. ഇനി എന്നും എന്റെ ജീവിതത്തിൽ ദൈവം മംഗളവാർത്ത പ്രദാനം ചെയ്യും എന്ന് അർത്ഥം. വാർത്തകൾ മംഗളകരമാകണമെങ്കിൽ അതിന് ഒരുക്കവും കാത്തിരിപ്പും ഒപ്പം പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും ഉപവാസത്തിന്റെയും ചൂടും തീക്ഷണതയും ഉണ്ടാവണം. ആകസ്മികമായി സംഭവിക്കുന്നതെപ്പോഴും മംഗളകരമായിരിക്കണമെന്ന് നിർബന്ധമില്ല. മറിച്ച് പ്രാർത്ഥനയോടെ നാം കാത്തിരിക്കുമ്പോൾ എന്തും ഏതും നമുക്ക് മംഗളകരമായിത്തീരും.

കന്യകയുടെ ഗർഭധാരണം, കാലിത്തൊഴുത്തിലെ കുട്ടിയുടെ ജനനം, പ്രസവസമയത്തെ ഒരു സ്ത്രീയുടെ യാതനാപൂർണ്ണമായ യാത്രാവഴികൾ ഇവയൊക്കെ കാലങ്ങൾ പിന്നിടുമ്പോൾ രക്ഷകനെക്കുറിക്കുന്ന സമംഗളകരമായ വാർത്തകളായി മാറിയത് ഇപ്രകാരമാണ്. പുൽക്കൂടും കാൽവരിയും തമ്മിലുള്ള ദൂരം ഹൃദയത്തിൽ ധ്യാനിക്കുന്നവന് പ്രാർത്ഥനയോടെയുള്ള കാത്തിരുപ്പുള്ളവന് എല്ലാം മംഗളകരമാവുമെന്നർത്ഥം. ഗുരുമൊഴികൾ കേട്ട് വഴിയാത്രയിലെ നദീജലത്തിന്റെ തെളിമയ്ക്ക് വേണ്ടി കാത്തിരുന്ന ശിഷ്യനെപ്പോലെ നമുക്കും കാത്തിരിപ്പിന്റെ ധ്യാനമുണ്ടാവട്ടെ. നമുക്ക് മുമ്പിൽ കലങ്ങിയതൊക്കെയും തെളിയുന്ന കാലമാണിത്.



**ഫാ. ലിബിൻ**
പുത്തൻപറമ്പിൽ
Mob: 9961996226
libinputhen@gmail.com

**വാർത്തകൾ മംഗളകരമാകണമെങ്കിൽ അതിന് ഒരുക്കവും കാത്തിരിപ്പും ഒപ്പം പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും ഉപവാസത്തിന്റെയും ചൂടും തീക്ഷണതയും ഉണ്ടാവണം.**

പ്രാർത്ഥനയോടെ, ധ്യാനപൂർവ്വം കാത്തിരുന്നാൽ എല്ലാം ശാന്തമാകുമെന്നും എല്ലാം മംഗളകരമാകുമെന്നും ഈ മംഗളവാർത്തക്കാലം നമ്മെ ഉദ്ബോധിപ്പിക്കുന്നു. രാജാക്കന്മാരുടെ പുസ്തകത്തിൽ പ്രകൃതിക്ഷോഭങ്ങൾക്കിടയിൽ ദൈവസ്വരം ശ്രവിച്ച ഏലിയാ പ്രവാചകനെപ്പോലെ (1 രാജ 19:12) നിശ്ചയിക്കപ്പെട്ട സമയത്ത് കാലത്തിന്റെ പൂർണ്ണതയിൽ നിറവേറപ്പെടേണ്ട ദൈവതിരുമൊഴികൾക്കുമുമ്പിൽ പരി. കന്യാമറിയം **ഫിയാത്ത്** പറഞ്ഞ് സ്വയം എളിമപ്പെടുത്തി കാത്തിരുന്നതുപോലെ പ്രാർത്ഥനയോടെ നമുക്കും കാത്തിരിക്കാം. രക്ഷകന്റെ വരവിനായി, എല്ലാം മംഗളകരമാവുന്ന കാലത്തിനായി.

**സ്നേഹപൂർവ്വം**
**ലിബിനച്ചൻ**

**വായിക്കാം ചിന്തിക്കാം**

# ആർക്കാണ് മനഃശക്തി

**ഒ**രിക്കൽ ഒരിടത്ത് നാല് പണ്ഡിതന്മാർ വലിയ വാഗ്വാദത്തിലായി. കാരണം തങ്ങളിൽ ആർക്കാണ് കൂടുതൽ മനഃശക്തിയെന്നതിനെച്ചൊല്ലിയായിരുന്നു അത്.

എല്ലാവരും തങ്ങളാണ് മികച്ചതെന്ന് സ്ഥാപിക്കാൻ മത്സരിച്ചു. എന്നാൽ ആരും ജയിച്ചില്ല. ഒരു മാസത്തേക്ക് മൗനവ്രതമാചരിക്കാൻ ഒടുവിലവർ തീരുമാനിച്ചു.

അതിനായി അവർ ഒരു വനത്തിന്റെ പ്രാന്തപ്രദേശത്ത് ഒരു കുടിൽ കെട്ടി മൗനപ്രാർത്ഥനയും മറ്റുമായി താമസമാരംഭിച്ചു.

അപ്പോൾ ഒരു പണ്ഡിതൻ മറ്റവനോട് ചോദിച്ചു.

"പോരുന്നതിനു മുമ്പ് ഞാനെന്റെ മുറി പൂട്ടിയിട്ടോ ആവോ?"

അപ്പോൾ രണ്ടാമൻ പറഞ്ഞു.

"വിഢ്ഢീ ! നമ്മൾ ഒരു മാസം മൗനമാചരിക്കാൻ തീരുമാനിച്ചതല്ലേ..."

അതിനു മൂന്നാമൻ. "നിങ്ങളോ.... നിങ്ങളും അതുതന്നെയല്ലേ ചെയ്തത്....."

അപ്പോൾ പുഞ്ചിരിയോടെ നാലാമൻ. "ദൈവത്തിനു സ്തുതി! ഞാനൊരാളെ മൗനം ഭഞ്ജിക്കാതെയുള്ളു"!!!

***അറിയുന്നവർ പറയില്ല. പറയുന്നവർക്ക് അറിയില്ല. അതുകൊണ്ട് ജ്ഞാനികൾ മൗനം ഭജിക്കുന്നു. തന്ത്രശാലികൾ സംസാരിക്കുന്നു. വിഢ്ഢികൾ തർക്കിക്കുന്നു.***

# തിരുവചന വായനകൾ

**2019 ഡിസംബർ**
**മംഗളവാർത്താക്കാലം**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ഉല്പ. 17:1-27<br>ഏശ 42:18-42<br>എഫേ 2:21<br>-6-9,<br>ലൂക്ക 11:25 | **2**<br>ഗലാ 3:9-14<br>ലൂക്ക 9:37-43 | **3**<br>നിയ26:16-19<br>ഏശ 45:20-24<br>2കൊറി 6:3-10<br>മർക്കോ 6:7-13 | **4**<br>1 കൊറി 1:4-9<br>യോഹ 8:26-30 | **5**<br>1തിമോ 11:16<br>മത്താ24:45-51 | **6**<br>കൊളോ3:1-10<br>മത്താ13:12-17 | **7**<br>പ്രഭാ24:1-34<br>ഏശ 7:10-16<br>ഹെബ്രാ 1:1-3<br>ഹെബ്രാ 2:16<br>-18<br>മത്താ11:17 |
| **8**<br>സംഖ്യ 22:20<br>-23<br>ഏശ 43:14<br>കൊളോ 42:18<br>ലൂക്ക 1:26-56 | **9**<br>എഫേ 4:13-16<br>യോഹ14:11-14 | **10**<br>1 തെസ 5:5-11<br>ലൂക്ക 10:21-24 | **11**<br>എഫേ 1:3-12<br>ലൂക്ക 1:34-38 | **12**<br>റോമ 12:9-18<br>ലൂക്ക 1:39-45 | **13**<br>2കൊറി 8:11<br>-15<br>ലൂക്ക 1:46-56 | **14**<br>ഹെബ്രാ3:12<br>-19<br>ലൂക്ക 11:33-36 |
| **15**<br>ഉല്പ 18:1-19<br>ന്യായ13:2-24<br>എഫേ 3:1:21<br>ലൂക്കാ 1:57-80 | **16**<br>1കൊറി 5:1-8<br>ലൂക്ക 6:43-45 | **17**<br>എഫേ 2:1-10<br>മത്താ 3:1-6 | **18**<br>പുറ. 17:6-4<br>ശ്ലീഹ 2:14-36<br>എഫേ. 2:14-22<br>യോഹ 14:1-6 | **19**<br>ഗലാ 3:26-29<br>ലൂക്കാ 1:67-79 | **20**<br>കൊളോ. 1:10<br>-16<br>മർക്കോ 1:1-8 | **21**<br>ഗലാ 1:11-7<br>യോഹ 3:31-36 |
| **22**<br>ഉല്പ 24:50-67<br>1 സാമു 1:1-28<br>എഫേ 5:5-21<br>മത്താ 1:18-24 | **23**<br>എഫേ 6:18-20<br>യോഹ 1:1-5 | **24**<br>ഗലാ 4:1-7<br>യോഹ 1:6-13 | **25**<br>ഏശ 7:10-16+<br>9:1-3, 6-7<br>മിക്ക4:1-3<br>5:2-5, 8-9<br>ഗലാ 3:15-4-6<br>ലൂക്ക 2:1-20 | **26**<br>ഹെബ്രാ5:11<br>-14<br>മത്താ 12:43-45 | **27**<br>പുറ 33:9-23<br>(33:12-23)<br>പ്രഭാ 15:1-6<br>റോമ 8:35-39<br>യോഹ 21:20<br>-24 | **28**<br>ഉല്പ 4:3-8<br>ജറ 31:15-17<br>ഹെബ്ര 11:3-10<br>മത്താ 2:13-18 |
| **29**<br>ഉല്പ 2:11-21<br>1സാമു 1:19-28<br>ഗലാ 4:21, 5:1<br>മത്താ 2:1-23 | **30**<br>1 യോഹ 3:11<br>-17<br>യോഹ 8:12-19 | **31**<br>2കൊറി 1:18-22<br>യോഹ 13:31 b | | | | |

# പാരീഷ് കൗൺസിൽ റിപ്പോർട്ട്

അതിരമ്പുഴ സെന്റ് മേരീസ് ഫോറോന പള്ളിയുടെ 13-മത് പ്രതിനിധി സഭയുടെ 7-മത് സമ്മേളനം നവംബർ മാസം 10-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് യോഗശാലയിൽവെച്ച് നടന്നു. പ്രാർത്ഥനയ്ക്ക് ശേഷം വികാരി റവ. ഫാ. ഡോ. ജോസഫ് മുണ്ടകത്തിലിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു.

ബഹു. വികാരിയച്ചൻ നടത്തിയ ആമുഖസന്ദേശത്തിന് ശേഷം ഒക്ടോബർ മാസത്തെ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. ജനുവരി തിരുനാളിന്റെ വഴിയലങ്കാരം, ഇല്യുമിനേഷൻ, ലൈറ്റ് & സൗണ്ട് എന്നിവയുമായി ബന്ധപ്പെട്ട് ലഭിച്ച ക്വട്ടേഷനുകളുകളുടെ വിശദവിവരങ്ങൾ യോഗത്തിൽ അറിയിച്ചു.

അതിനുശേഷം ഒക്ടോബർ മാസത്തെ പൊതുകണക്കും, ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു. ചർച്ചയെ തുടർന്ന് അവ അംഗീകരിക്കുകയും പാസ്സാക്കുകയും ചെയ്തു. തുടർന്ന് ഒക്ടോബർ മാസം നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് കൈക്കാരൻ ശ്രീ. റ്റി.ജെ മാത്യു തേക്കുനിൽക്കുംപറമ്പിൽ വിശദീകരിക്കുകയും യോഗം റിപ്പോർട്ട് പാസ്സാക്കുകയും ചെയ്തു. പിന്നീട് പള്ളിയുടെ വാടകകെട്ടിടങ്ങളിൽ അടിയന്തിരമായി നടത്തേണ്ട അറ്റകുറ്റ പണികളെക്കുറിച്ചും അതിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചും യോഗത്തെ ധരിപ്പിച്ചു.

സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് 5 അംഗ ഉപസമിതിയെ തെരഞ്ഞെടുത്തു. കളർ എ ഡ്രീം വിദ്യാഭ്യാസ സഹായ പദ്ധതിയിൽ ഒരു പുതിയ ഗുണഭോക്താവിനെകൂടി ഉൾപ്പെടുത്തി. പള്ളിവക സ്ഥലങ്ങളിലുള്ള റബ്ബർ മരങ്ങളുടെ കാര്യത്തിൽ ഉചിതമായ രീതിയിൽ തീരുമാനം കൈക്കൊള്ളാൻ വികാരിയച്ചനും കൈക്കാരന്മാർക്കും യോഗം സ്വാതന്ത്ര്യം നല്കി. തിരുനാൾ ആഘോഷങ്ങളിൽ നിലവിലുള്ള കൈക്കാരന്മാരെ സഹായിക്കുന്നതിലേക്കായി ഓരോ ദേശത്തെയും പ്രതിനിധികൾ ഉൾപ്പടുന്ന പട്ടിക തയ്യാറാക്കുന്നതിന് രണ്ടുപേരുടെ വീതം നാമനിർദ്ദേശം പ്രതിനിധി യോഗ അംഗങ്ങളിൽ നിന്നും സ്വീകരിച്ചു.

6 മണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

സഞ്ജിത് പി. ജോസ് പ്ലാമ്മൂട്ടിൽ

# വിശ്വാസ പരിശീലന റിപ്പോർട്ട്

## സെന്റ് മേരീസ് സൺഡേസ്കൂൾ

വിലയിരുത്തലുകളും മാർഗ്ഗനിർദ്ദേശങ്ങളും മുമ്പോട്ടുള്ള വളർച്ചയിലെ നാഴികകല്ലുകളാണ്. അതിരമ്പുഴ സെന്റ് മേരീസ് സൺഡേസ്കൂൾ 2019 –20 അദ്ധ്യായനവർഷത്തെ പ്രഥമ CRT (Catechetical Resource Team) വിസിറ്റ് നവംബർ മാസം 3–ാം തീയതി നടക്കുകയുണ്ടായി.

നെടുംകുന്നം ഫൊറോനായിലെ ശ്രീ. ജോസ് കെ. ജേക്കബ് കൊക്കാവയലിൽ, ശ്രീ ജോസഫ് സെബാസ്റ്റ്യൻ പത്തുംപാടം, ഡോ. ബിന്ദു സജു തട്ടാരടിയിൽ, സി. ചൈതന്യാ ട്രീസാ സി.എം.സി, ശ്രീ. മിഥുൻ മൈക്കിൾ നെടുംപറമ്പിൽ എന്നിവരടങ്ങുന്ന CRTടീം രാവിലെ തന്നെ നമ്മുടെ സൺഡേസ്കൂളിലെത്തി. സൂപ്പർ സീനിയർ, ജൂണിയർ, സിനിയർ, എൽ. പി. വിഭാഗങ്ങളിലെ വി. കുർബാനയിലും തുടർന്ന് മതബോധനക്ലാസ്സുകളും സന്ദർശിച്ച് സൺഡേസ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തി. സൺഡേസ്കൂൾ ക്ലാസ്സിന്ശേഷം ഡയറക്ടർ ഫാ. ജിജോ കുറിയന്നൂർപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മതാദ്ധ്യാപക യോഗത്തിൽ CRT മെമ്പേഴ്സ് സൺഡേസ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളെ ശ്ലാഘിച്ചു സംസാരിച്ചു. വി. കുർബാന കേന്ദ്രികൃതമായ ഒരു വിശ്വാസപരിശീലനം നമ്മുടെ സൺഡേസ്കൂളിൽ നടക്കുന്നു എന്നും വി. കുർബാനയിലെ കുട്ടികളുടെ സജീവമായ പങ്കാളിത്വം ക്ലാസ്സുകളിലെ പെരുമാറ്റം എന്നിവ എടുത്തുപറയുകയുണ്ടായി.

സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചനെയും ഡയറക്ടറച്ചനെയും ഹെഡ്മിസ്ട്രസ് മറ്റ് അദ്ധ്യാപകർ എന്നിവരെയും അനുമോദിക്കുന്നതായി അറിയിച്ചു. ഇടവകയിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതായും ഇരുനൂറിൽപരം മിഷൻലീഗ് സജീവ അംഗങ്ങളുടെ പ്രവർത്തന മികവിനെയും അവർ വിലയിരുത്തി. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആനിമേറ്റർ സി. റ്റിൻസി SABS ന് പ്രത്യേക അഭിനന്ദനങ്ങൾ അറിയിച്ചു.

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടന്നുവരുന്ന എക്ലേസിയ ക്വിസ്സ് ഫൊറോനാതല മത്സരത്തിൽ നമ്മുടെ സൺഡേസ്കൂളിൽനിന്നും റ്റോംലിൻ ജെ. തോമസ്, എയ്ഞ്ചൽ മരിയ റോയി, ആൻട്രീസാ ഷാജി, ശ്രീമതി മോളി ജോസ് മണലേൽ എന്നിവരടങ്ങുന്ന ടീം പങ്കെടുത്ത് 1–ാം സ്ഥാനം നേടി. ഒപ്പം മിഷൻലീഗ് ആന്തം മത്സരത്തിൽ ഒന്നാം സ്ഥാനം നേടി മിഷൻലീഗ് കുട്ടികൾ മികവ് തെളിയിച്ചു. അതിരൂപതാ തലത്തിലുള്ള മത്സരത്തിന് അർഹരായ ടീമംഗങ്ങൾക്ക് അനുമോദനവും പ്രാർത്ഥനാശംസകളും നേരുന്നു.

അതിരമ്പുഴ ഫൊറോന ബൈബിൾ കലോത്സവം നവംബർ 9–ാം

തീയതി സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു. കുട്ടികളുടെ സർഗ്ഗാത്മ വാസനകളെ ഉണർത്തുകയും സർവ്വോപരി കലയിലൂടെ സുവിശേഷ വത്കരണം സാധ്യമാക്കുന്നതിനുതകുന്നതുമായിരിക്കണം ഓരോ ബൈബിൾ കലോത്സവങ്ങളും. മൂന്ന് ഘട്ടങ്ങളായി നടന്ന വിവിധ മത്സരങ്ങളിൽ നമ്മുടെ സൺഡേസ്കൂൾ മികവ് പുലർത്തി എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഒക്ടോബർ 2-ാം തീയതി നടന്ന ഒന്നാംഘട്ട രചനാമത്സരത്തിൽ ജൂണിയർ, സീനിയർ ഉപന്യാസം, സീനിയർ ബൈബിൾ വാക്യരചനാ, സീനിയർ സ്ക്രിപ്റ്റ്റൈറ്റിംഗ്, സൂപ്പർ സീനിയർ ചിത്രരചന എന്നിവയിൽ നമ്മുടെ കുട്ടികൾ ഒന്നാം സ്ഥാനം നേടി.

ഒക്ടോബർ 13-ാം തീയതി നടന്ന രണ്ടാംഘട്ട മത്സരത്തിൽ സീനിയർ ബൈബിൾ ക്വിസ്, ജൂണിയർ ബൈബിൾ ക്വിസ് എന്നിവയിൽ നമ്മുടെ കുട്ടികൾ ഉയർന്ന മാർക്കോടെ ഒന്നാം സ്ഥാനം നേടി.

നവംബർ 9-ാം തീയതി നടന്ന മൂന്നാംഘട്ട മത്സരത്തിൽ പ്രസംഗത്തിന് സൂപ്പർസീനിയർ ആൺകുട്ടിൾ, സീനിയർ ആൺകുട്ടികൾ, സീനിയർ പെൺകുട്ടികൾ എന്നീ വിഭാഗത്തിലും പദ്യോച്ചാരണം സൂപ്പർ സീനിയർ വിഭാഗത്തിലും നമ്മുടെ കുട്ടികൾ ഒന്നാം സ്ഥാനം നേടുകയുണ്ടായി. ഗ്രൂപ്പ് ഐറ്റങ്ങളായ ആൺകുട്ടികളുടെ വിഭാഗം മാർഗ്ഗംകളി, ഗാനമേള എന്നിവയിൽ ഒന്നാംസ്ഥാനവും നമുക്ക് ലഭിച്ചു എന്നത് ഏറെ സന്തോഷകരമായ വസ്തുതയാണ്.

45 ഇനങ്ങളിൽനിന്നും 268 പോയിന്റുകളോടെ അതിരമ്പുഴ ഫൊറോന ബൈബിൾ കലോത്സവത്തിൽ നമ്മുടെ സൺഡേസ്കൂൾ ഓവറോൾ ട്രോഫി കരസ്ഥമാക്കി.

കൂടാതെ അതിരൂപത മിഷൻ ലീഗ് ആന്ത മത്സരത്തിൽ നമ്മുടെ മിഷൻലീഗ് കുഞ്ഞുങ്ങൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് അഭിമാനകരമായ നേട്ടമാണ്. പങ്കെടുത്ത കുട്ടികൾക്ക് അഭിനന്ദനങ്ങൾ. പ്രൗഢഗംഭീരമായ ഈ വിജയത്തിന് പിന്നിൽ നമ്മുടെ കുട്ടികളുടെയും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകരുടെയും നേതൃത്വം നൽകിയ ബഹു. അച്ചന്റെയും നിസ്തുലമായ പ്രയത്നങ്ങൾക്ക് അഭിനന്ദനവും പ്രാർത്ഥനാശംസകളും നേരുന്നു. നവംബർ 24-ാം തീയതി ശ്രീ. എം.എം. സെബാസ്റ്റ്യൻ മണ്ണഞ്ചേരിയുടെ ഭവനത്തിൽ വച്ച് ബഹു. വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട മതാദ്ധ്യാപകരുടെ ഭവനക്കൂട്ടായ്മയിൽ സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു.

